**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 858** **26-07-2021 - ൽ മറുപടിയ്ക്ക്**

**തൊഴിലാളി ക്ഷേമനിധികളുടെ സംയോജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലുള്ള തൊഴിലാളി ക്ഷേമനിധി ബോർഡുകൾ സംയോജിപ്പിക്കാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നോ; അതിനുള്ള നടപടികൾ എത്രത്തോളമായി എന്ന് വ്യക്തമാക്കാമോ; | (എ) | തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുന്നതിന് ആവശ്യമായ നിയമ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ക്ഷേമനിധി ബോർഡുകളുടെ സംയോജനം പൂർത്തിയാകാത്തതിനാലും ബോർഡുകൾക്ക് വരുമാനമില്ലാത്തതിനാലും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകാൻ ബുദ്ധിമുട്ട് വരാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | സാമ്പത്തിക ഭദ്രതയുള്ള ക്ഷേമനിധി ബോർഡുകൾ തനത് ഫണ്ടിൽ നിന്നും, സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകൾ സർക്കാർ ധനസഹായത്തോടുകൂടിയും ആനു കൂല്യങ്ങൾ നൽകി വരുന്നു. തൊഴിലാളികളുടെ പെൻഷൻ, കോവിഡ്-19 ധനസഹായം എന്നീ ആനുകൂല്യ വിതരണങ്ങൾ തടസ്സപ്പെട്ടിട്ടില്ല. ബോർഡുകൾ നൽകി വരുന്ന ആനുകൂല്യങ്ങളുടെ തുക വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ക്ഷേമനിധി ബോർഡുകൾ കാര്യക്ഷമമാക്കുന്നതിനും ചെറിയ ബോർഡുകളുടെ സംയോജനം നടത്തുന്നതിനും അടിയന്തര നടപടികൾ കൈക്കൊള്ളുമോ? | (സി) | തൊഴിൽ വകുപ്പിനു കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമ മാക്കുന്നതിനായി മന്ത്രി തലത്തിൽ ബോർഡുകളുടെ അവലോകന യോഗങ്ങൾ പ്രത്യേകമായി ചേർന്ന് പ്രവർത്തനം വിലയിരുത്തുകയും ബോർഡുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബോർഡുകളുടെ പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിനായി കമ്പ്യൂട്ടറൈ സേഷനും ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ അടക്കമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ബോർഡുകൾ നൽകുന്ന ആനുകൂല്യങ്ങൾ കാലോചിതമായ വർദ്ധിപ്പിക്കുക വഴി കൂടുതൽ തൊഴിലാളികളെ ബോർഡുകളിലേയ്ക്ക് ആകർഷിക്കുയും ചെയ്തിട്ടുണ്ട്. തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന 16 ക്ഷേമനിധി ബോർഡുകളിലും രജിസ്റ്റർ ചെയ്തിട്ടുള്ള |

| | | | |
|---|---|---|---|
| | | | തൊഴിലാളികളുടെ വിവരങ്ങൾ മുഴുവനും അവരുടെ ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ കൂട്ടിചേർത്ത് ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതിയായ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റത്തിന്റെ വിപുലീകരണം സംബന്ധിച്ചുള്ള നടപടികൾ നടന്നുവരുന്നു. തൊഴിൽ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11- ആയി കുറയ്ക്കുന്നതിന് അനുമതി നൽകിയ സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് – തൊഴിൽ വകുപ്പിനു കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ എണ്ണം കുറയ്ക്കുന്നതിനും അതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്**

**സ.ഉ. (കൈ) നമ്പർ.35/2020/തൊഴിൽ** തിരുവനന്തപുരം, തീയതി. 29.06.2020

---

പരാമർശം – ലേബർ കമ്മീഷണർ അദ്ധ്യക്ഷനായുള്ള സബ്കമ്മിറ്റി റിപ്പോർട്ട്.

**ഉത്തരവ്**

തൊഴിലാളി ക്ഷേമപ്രവർത്തനങ്ങളിൽ നമ്മുടെ സംസ്ഥാനം എന്നും രാജ്യത്തിന് മാതൃകയാണ്. പരമ്പരാഗത മേഖലയിലേയും അസംഘടിത മേഖലയിലേയും തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനും ഈ വിഭാഗം തൊഴിലാളികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വേണ്ടിയാണ് നമ്മുടെ സംസ്ഥാനത്ത് ക്ഷേമനിധി ബോർഡുകൾ രൂപീകരിക്കുകയും ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുള്ളത്.

2. എന്നാൽ വിവിധ കാലഘട്ടങ്ങളിലായി അംഗങ്ങളുടേയും പെൻഷൻകാരുടെയും എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവ് മൂലവും വർദ്ധിച്ചുവരുന്ന ഭരണചെലവ് മൂലവും ഒട്ടുമിക്ക ക്ഷേമനിധി ബോർഡുകളും സാമ്പത്തിക പ്രതിസന്ധിയിലാകുന്ന സ്ഥിതിവിശേഷം ഉണ്ടായിരിക്കുകയാണ്.

3. ഈ സാഹചര്യത്തിൽ ക്ഷേമനിധി ബോർഡുകൾ സാമ്പത്തികമായി സ്വയംപര്യാപ്തത കൈവരിക്കുന്നതിനും അവയുടെ പ്രവർത്തനം സുഗമമാക്കുന്നതിനും ബോർഡുകളുടെ പുനഃസംഘടനയും, ശാക്തീകരണവും, അംശദായ നിരക്ക് വർദ്ധിപ്പിക്കലും അത്യന്താപേക്ഷിതമായിരിക്കുന്നു. ആയതിനാൽ വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തിക്കൊണ്ട് ക്ഷേമനിധി ബോർഡുകളുടെ എണ്ണം കുറയ്ക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയായി മാറിയിരിക്കുന്നു.

4. ഇത് സംബന്ധിച്ച ചർച്ചകൾ നടത്തുന്നതിനും സർക്കാരിന് ശുപാർശ സമർപ്പിക്കുന്നതിനും ലേബർ കമ്മീഷണർ അദ്ധ്യക്ഷനായി ട്രേഡ് യൂണിയനുകളുടെ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത കമ്മിറ്റി, ബോർഡുകളുടെ ക്ഷേമപ്രവർത്തനങ്ങൾ, സാമ്പത്തിക സ്ഥിതി, ഭരണചെലവ് സംബന്ധിച്ചുള്ള സമഗ്രവിവരങ്ങൾ എന്നിവ പരിശോധിച്ച്, ആവശ്യമായ ചർച്ചകൾ നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.

5. പ്രസ്തുത സബ്കമ്മിറ്റി റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11– ആയി കുറയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

i) **കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്** കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡുമായി സംയോജിപ്പിക്കുന്നു.

ii) **കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്** കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡുമായി സംയോജിപ്പിക്കുന്നു.

iii) **കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്** എന്നിവ കേരള ലേബർ വെൽഫയർ ഫണ്ട് ബോർഡുമായി സംയോജിപ്പിക്കുന്നു.

iv) **കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്** കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡുമായി സംയോജിപ്പിക്കുന്നു.

6. ഇതിൻ പ്രകാരം ബോർഡുകളുടെ എണ്ണം 11- ആയി കുറയ്ക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സത്യജീത് രാജൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ലേബർ കമ്മീഷണർ, തിരുവനന്തപുരം
തൊഴിൽ വകുപ്പിലെ എല്ലാ ക്ഷേമനിധി ബോർഡുകൾക്കും
തൊഴിലും നൈപുണ്യവും വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് [24.06.2020 ലെ മന്ത്രിസഭാ യോഗ തീരുമാനം നം.4078 പ്രകാരം.]
ധനകാര്യ വകുപ്പ്
നിയമ വകുപ്പ്
വിവര സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പി.എസ് –ന്
തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്

സെക്ഷൻ ഓഫീസർ